പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 20.06.2013-ൽ മറുപടിക്ക്

നമ്പർ : 2772

## പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ കാനറയിൽ ഇലക്ട്രിക് ശ്മശാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | റവന്യൂവും കയറും വകുപ്പ് മന്ത്രി |
| (എ) കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ കാനറയിൽ പൊതു ശ്മശാനം നിർമ്മിക്കുന്നതിനായി ആവശ്യപ്പെട്ട റവന്യൂ ഭൂമി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്; വിശദമാക്കാമോ; | (എ) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന് ശ്മശാനം നിർമ്മിക്കുന്നതിനായി കാനറ എന്ന സ്ഥലത്ത് പാറഖനനം നടത്തി നിരപ്പായ 3.60 ആർ സ്ഥലം അനുവദിക്കുന്നതിനായി സർക്കാരിൽ ലഭ്യമായ അപേക്ഷയിന്മേൽ 28.09.2012-ൽ ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർ ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ സ്ഥലത്തിന്റെ വിസ്തീർണ്ണം സംബന്ധിച്ച് വൈരുദ്ധ്യമുള്ളതിനാൽ വിശദമായ പുതുക്കിയ റിപ്പോർട്ട് സമർപ്പിക്കുവാൻ 28.05.2013-ലെ എൽ.ആർ (ജെ) 6-39884/12 നം.കത്ത് മുഖേന റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. റവന്യൂ ഡിവിഷണൽ ഓഫീസറിൽ |

| | |
|---|---|
| | നിന്നും റിപ്പോർട്ട് ലഭ്യമാക്കി അന്തിമ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| (ബി) അടിയന്തിരമായി റവന്യൂ ഭൂമി ലഭ്യമാക്കി ഇലക്ട്രിക് ശ്മശാനം സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) പാരമർശ സ്ഥലം ശ്മശാന നിർമ്മാണത്തിന് വിട്ടുനൽകരുതെന്ന് അപേക്ഷിച്ച് പഴയകുന്നുമ്മേൽ കോളനി നിവാസികൾ, എം.ജി.എം (പ്രൈവറ്റ്), ഐ.ടി.ഐ, പട്ടികജാതി, പട്ടികവർഗ്ഗ കോളനി നിവാസികൾ എന്നിവർ അപേക്ഷ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാകളക്ടർ സമർപ്പിച്ച റിപ്പോർട്ട് 12.06.2013-ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നുള്ള റിപ്പോർട്ട് കൂടി ലഭ്യമാക്കി ഈ വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**